3082
13/2/20

**കേരള സർക്കാർ**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല - ക്രോൺസ് ഡിസീസ് ബാധിച്ച, ഇ.ശ്രീരാഗിന് (ശ്രീരാഗ് നിവാസ്, വേങ്ങോട്, കണ്ണൂർ) അധിക ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

സ. ഉ. (സാധാ) നം. 3511/2019/റവ. തിരുവനന്തപുരം, തീയതി: 25.11.2019

---

പരാമർശം:
1. കണ്ണൂർ ജില്ലാ കളക്ടറുടെ G2/20180/2017 നടപടി ക്രമം.
2. 27.11.2018 ലെ സ.ഉ. (ആർ.ടി)നം.4911/2018-റവ
3. ശ്രീ.രാജീവൻ, ശ്രീരാഗ് നിവാസ്, വേങ്ങോട്, കണ്ണൂർ ബഹു. മുഖ്യമന്ത്രി സമക്ഷം 23.01.2019 ൽ സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

ക്രോൺസ് ഡിസീസ് ബാധിച്ച ഇ.ശ്രീരാഗിന് (ശ്രീരാഗ് നിവാസ്, വേങ്ങോട്, കണ്ണൂർ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പരാമർശം (1), ഉം (2) ഉം പ്രകാരം 50,000/- രൂപ വീതം അനുവദിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ മകന് ദിവസം 1,400/- രൂപ വിലവരുന്ന ഇൻജക്ഷൻ നൽകേണ്ടതുണ്ടെന്നും, ആയതിലേയ്ക്ക് വാർഷിക ചിലവായി 2,64,000/- രൂപ വേണ്ടിവരുമെന്നും ആയതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അധിക ധനസഹായം അനുവദിക്കണമെന്നും പിതാവായ ശ്രീ. രാജീവൻ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ക്രോൺസ് ഡിസീസ് ബാധിച്ച ഇ.ശ്രീരാഗിന്റെ ചികിത്സാർത്ഥം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അധിക ധനസഹായമായി **25,000/- രൂപ (ഇരുപത്തായ്യിരം രൂപ മാത്രം)** കൂടി അനുവദിച്ച് ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന **25,000/- രൂപ (ഇരുപത്തായ്യിരം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ മേൽപറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ച വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ഗീത.എൽ**
**സ്പെഷ്യൽ സെക്രട്ടറി**

ജില്ലാ കളക്ടർ, കണ്ണൂർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ